<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: ഷീബ ജോർജ്ജ് ഐ.എ.എസ് )

ഉത്തരവ് നം. SJD/102080/2019-E1 | തിരുവനന്തപുരം,
തീയതി. 24/08/2020

വിഷയം: സാമൂഹ്യനീതി വകുപ്പ്-ജീവനക്കാര്യം - പത്തനംതിട്ട പ്രൊബേഷൻ ഓഫീസിലേയ്ക്ക് പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-II-തസ്തിക ഷിഫ്റ്റ് ചെയ്ത് അനുവദിച്ചും ജീവനക്കാരനെ സ്ഥലംമാറ്റി നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : സ.ഉ.(കൈ) നം.15/2020/സാ.നീ.വ തീയതി.26/0 6/2020

പത്തനംതിട്ട ജില്ലയിൽ പ്രൊബേഷൻ പ്രവർത്തനത്തിനായി ഒരു പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-I തസ്തിക മാത്രമാണ് നിലവിലുണ്ടായിരുന്നത്. ടി തസ്തികയുടെ ജോലി ഭാരം കണക്കിലെടുത്ത് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനായി രണ്ടു പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-II തസ്തികകൾ നിലവിലുള്ള കൊല്ലം പ്രൊബേഷൻ ഓഫീസിൽ നിന്നും ഒരു പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-II തസ്തിക പത്തനംതിട്ട പ്രൊബേഷൻ ഓഫീസിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നതിന് അനുമതി നൽകി പരാമർശം പ്രകാരം സർക്കാർ ഉത്തരവായിരിക്കുന്നു.

ഈ സാഹചര്യത്തിൽ കൊല്ലം പ്രൊബേഷൻ ഓഫീസിലെ ഒരു പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-II തസ്തിക സർക്കാർ അനുമതിയ്ക്ക് വിധേയമായി പത്തനംതിട്ട പ്രൊബേഷൻ ഓഫീസിലേയ്ക്ക് ഷിഫ്റ്റ് ചെയ്തും, കൊല്ലം പ്രൊബേഷൻ ഓഫീസിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-II തസ്തികയിലെ ജീവനക്കാരനായ ശ്രീ.സി.എസ്.സുരേഷ് കുമാർ-നെ പത്തനംതിട്ട പ്രൊബേഷൻ ഓഫീസിലേയ്ക്ക് സർക്കാർ സാധൂകരണത്തിന് വിധേയമായി സ്ഥലംമാറ്റി നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ.സി.എസ്.സുരേഷ് കുമാർ-നെ കാര്യാലയ മേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിവരം രേഖാമൂലം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

<u>പകർപ്പ് :</u>

1. സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് (ആമുഖ കത്ത് സഹിതം)
2. ജില്ല സാമൂഹ്യനീതി ഓഫീസർ, കൊല്ലം/പത്തനംതിട്ട
3. ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക്
4. പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-I, കൊല്ലം/പത്തനംതിട്ട
5. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്

78036/2020/FC SJD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - കൊല്ലം പ്രൊബേഷൻ ഓഫീസിലെ ഒരു പ്രൊബേഷൻ ഓഫീസർ ഗ്രേഡ് -II തസ്തിക പത്തനംതിട്ട പ്രൊബേഷൻ ഓഫീസിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യ നീതി (എ) വകുപ്പ്

സ.ഉ.(കൈ) നം.15/2020/സാ.നീ.വ  തീയതി,തിരുവനന്തപുരം, 26/06/2020

പരാമർശം:- സാമൂഹ്യ നീതി ഡയറക്ടറുടെ 31.01.2020 ലെ ഇ1/102080/2019-SJD നമ്പർ കത്ത്.

<u>ഉത്തരവ്</u>

പത്തനംതിട്ട ജില്ലയിൽ പ്രൊബേഷൻ പ്രവർത്തനത്തിനായി ഒരു പ്രൊബേഷൻ ഓഫീസർ ഗ്രേഡ് -I തസ്തിക മാത്രമാണ് നിലവിലുള്ളതെന്നും ടി തസ്തികയുടെ ജോലി ഭാരം കണക്കിലെടുത്ത് കൊല്ലം പ്രൊബേഷൻ ഓഫീസിലെ ഒരു പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-II തസ്തിക പത്തനംതിട്ട പ്രൊബേഷൻ ഓഫീസിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത് അനുവദിക്കണമെന്ന് സാമൂഹ്യ നീതി ഡയറക്ടർ പരാമർശ കത്ത് പ്രകാരം ശുപാർശ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കൊല്ലം പ്രൊബേഷൻ ഓഫീസിൽ പുതുതായി പ്രൊബേഷൻ ഓഫീസർ ഗ്രേഡ് -II തസ്തിക അനുവദിക്കുകയില്ലെന്ന വ്യവസ്ഥയോടെ കൊല്ലം പ്രൊബേഷൻ ഓഫീസിലെ നിലവിലെ ഒരു പ്രൊബേഷൻ ഓഫീസർ ഗ്രേഡ് -II തസ്തിക പത്തനംതിട്ട പ്രൊബേഷൻ ഓഫീസിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

SS (E)
Pl put up urgently
16/7

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് .(09.06.2020 ലെ ww-ww2/63/2020-FIN പ്രകാരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) /എ&ഇ) , കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം.
Bind
സെക്ഷൻ ആഫീസർ